E-130081/2

പ്രേഷകൻ
സിബിയ. ബി
സംസ്കൃതി
ചാണപ്പാറ പി. ഒ
കടയ്ക്കൽ
കൊല്ലം – 691536

സ്വീകർത്താവ്
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി വകുപ്പ്
സോഷ്യൽ ജസ്റ്റിസ് ഡയറക്ടറേറ്റ്
തിരുവനന്തപുരം – 695 033

Forward to Section
Regd. 16/11/21

സർ,

വിഷയം: വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

വിവരാവകാശ നിയമം 2005 പ്രകാരം താങ്കളുടെ കീഴിൽ സാമൂഹ്യ നീതി വകുപ്പിലെ കോട്ടയം ജില്ലയിലെ ടൈപ്പിസ്റ്റ് തസ്തികയെക്കുറിച്ച് താഴെ പറയുന്നവയുടെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

1. താങ്കളുടെ പരിധിയിൽ ഉള്ള ഓഫീസിൻ കീഴിൽ കോട്ടയം ജില്ലയിൽ എത്രപേർ എൽ. ഡി. ടൈപ്പിസ്റ്റ് അല്ലെങ്കിൽ അതിന്റെ പ്രമോഷൻ തസ്തികയിൽ ജോലി ചെയ്യുന്നു.
   a. ഇതിൽ എത്രപേർ 2021 നവംബർ 1–നും 2022 ഡിസംബർ 31–നും ഇടയിൽ വിരമിക്കുന്നു.
   b. വിരമിക്കുന്നവരുടെ പേര്, തീയതി, ഓഫീസ് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
2. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 05/10/2021–ലെ നമ്പർ ഉ. പ. സി. 31/174/2021 ഉഭപവ ഉത്തരവ് പ്രകാരം 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രതീക്ഷിത ഒഴിവുകളും 30/10/2021–നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കേണ്ടതാണ്. ആയത് പ്രകാരം താങ്കളുടെ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ ആ കാലയളവിലെ മുഴുവൻ പ്രതീക്ഷിത ഒഴിവുകളും പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തതിന്റെ വിവരം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
   a. അത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം / വിവരം കൂടി ലഭ്യമാക്കേണ്ടതാണ്.
   b. റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എന്നത്തേക്ക് റിപ്പോർട്ട് ചെയ്യും എന്നുകൂടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
3. വിരമിക്കൽ ഒഴിവുകൾ പി. എസ്. സി. യെ അറിയിക്കുന്നത് താങ്കളുടെ മേൽ ഓഫീസിൽ നിന്നും ആണെങ്കിൽ ആ ഓഫീസിന്റെ മേൽവിലാസം, 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ താങ്കളുടെ ഓഫീസിൽ നിന്നും ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും വിരമിക്കുന്നവരുടെ വിവരങ്ങൾ മേൽ ഓഫീസിൽ അറിയിച്ചതിന്റെ ഫയൽ നമ്പർ, അറിയിച്ച തീയതി എന്നിവ ലഭ്യമാക്കുമോ.

4. താങ്കളുടെ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുന്ന ഏതെങ്കിലും ജീവനക്കാരൻ 2022 ഡിസംബർ 31 ഉള്ളിൽ ഫെയർ കോപ്പി സൂപ്രണ്ട് ആയി പ്രമോഷൻ കിട്ടാൻ ഉള്ള വിവരംകൂടി ലഭ്യമാക്കേണ്ടതാണ്.
5. താങ്കളുടെ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ തസ്തിക മാറ്റത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ?
6. പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്ന ഏതെങ്കിലും ജീവനക്കാരൻ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനോ, അന്തർ വകുപ്പ് സ്ഥലം മാറ്റത്തിനോ അപേക്ഷ നൽകിയ വിവരം ലഭ്യമാക്കുമോ.

എന്ന്,

വിശ്വസ്തതയോടെ,

സിബിയ. ബി

കടയ്ക്കൽ

12/11/2021